No.CEE/888/2019/3 LLB-2019/TA2

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## പത്രക്കുറിപ്പ്

## 2019 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി., ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റ് സംബന്ധിച്ച്

സംസ്ഥാനത്ത് 2019–20 അധ്യയന വർഷം സർക്കാർ ലോ കോളേജുകളിലും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലും ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി., ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി 2019 ആഗസ്റ്റ് 13, 14 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന സ്പോട്ട് അലോട്ട്മെന്റ് സംസ്ഥാനത്തുണ്ടായ രൂക്ഷമായ പ്രളയക്കെടുതി മൂലം മാറ്റി വച്ചിരുന്നു. സംസ്ഥാനത്ത് ഇപ്പോഴും നിലനിൽക്കുന്ന കെടുതികളും, സ്പോട്ട് അലോട്ട്മെന്റിന് വിദ്യാർത്ഥികൾക്ക് നേരിട്ട് എത്തിച്ചേരാൻ സാധിക്കാത്ത തരത്തിലുള്ള യാത്രാക്ലേശവും കണക്കിലെടുത്ത് മേല്പറഞ്ഞ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി ഒരു ഓൺലൈൻ അലോട്ട്മെന്റ് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

ഒഴിവുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ ഓൺലൈൻ (മോപ്-അപ്) അലോട്ട്മെന്റിലേയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **14.08.2019** മുതൽ **18.08.2019** വൈകുന്നേരം **5.00** മണി വരെ ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടിയിട്ടുള്ളവർക്കും, അലോട്ട്മെന്റ് ലഭിച്ചിട്ട് പ്രവേശനം നേടാൻ കഴിയാത്തതോ, പ്രവേശനം നേടിയതിനു ശേഷം വിടുതൽ വാങ്ങിയവരോ ആയ വിദ്യാർത്ഥികൾക്കും ഇതുവരെ അലോട്ട്മെന്റൊന്നും ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഒഴിവുള്ള സീറ്റുകളിൽ പരിഗണിക്കപ്പെടാൻ ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം പുതുതായി ഒഴിവുവരുന്ന സീറ്റുകളും ഈ അലോട്ട്മെന്റിൽ തന്നെ നികത്തപ്പെടുന്നതിനാൽ വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താത്പര്യമുള്ള എല്ലാ കോഴ്സ്/കോളേജിലേയ്ക്കും ഓപ്ഷനുകൾ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. **18.08.2019** വൈകുന്നേരം **5.00** മണി വരെ ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി അലോട്ട്മെന്റ് **19.08.2019** നും ത്രിവത്സര എൽഎൽ.ബി അലോട്ട്മെന്റ് **20.08.2019** നും പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **26.08.2019** വൈകുന്നേരം **4.00** മണിയ്ക്കകം ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471–2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം
13.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**